(ബി) ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന് ഏതെങ്കിലും വകുപ്പുതലവനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്താകെ ഇപ്പോൾ വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

അന്തർ ജില്ലാ സ്ഥലംമാറ്റം

24 [732] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ പ്രമോഷൻ നൽകിയിട്ടുണ്ടോ;

(ബി) പ്രമോഷനോ ഗ്രേഡോ ലഭിക്കാതെ ഡി.ആർ.ബി. മാറി സ്ഥലംമാറ്റം നൽകിയിട്ടും സീനിയോറിറ്റി നിലനിർത്തി പ്രമോഷൻ നൽകിയ നടപടി ശരിയല്ലെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകത പരിഹരിക്കുവാൻ കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ നിയമനം ലഭിച്ച ഡി.ആർ.ബി. മാറാത്ത ജീവനക്കാർക്ക് പ്രയോജനം ലഭിക്കുന്ന പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രമോഷൻ നൽകാൻ നപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. 6841/2000 എന്ന കേസിന്റെ അവസാന വിധിയിൽ പറയുന്നത് ഇപ്രകാരമാണ്. ഒരു ഇകാറ്റഗിരി ഡിറ്റർമിനേഷന് വേണ്ടി, സർക്കാർ നൽകിയ സ. ഉ. (സാ.) 26/2000/പ്ലാനിംഗ് തീയതി 19-1-2000 (ഇഎക്സ്റ്റിപി 11) എന്ന ഉത്തരവിൽ തെറ്റൊന്നുമില്ല. അതോടൊപ്പം ഉചിതമായ രീതിയിൽ ഒരു താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ്, തയ്യാറാക്കി സർക്കുലേറ്റ് ചെയ്തതിനുശേഷം, ഫൈനലൈസ് ചെയ്യാനും അതുവരെ 9 (എ) (1) 31 (എ) എന്നീ നിയമങ്ങളെ അടിസ്ഥാനമാക്കി താൽക്കാലിക പ്രൊമോഷനുകൾ നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിലവിലുള്ള താൽക്കാലികലിസ്റ്റ് അവംലംബിക്കേണ്ടിവന്നപ്പോൾ സീനിയോറിറ്റി നഷ്ടപ്പെട്ടവരേയും മാറ്റിനിർത്തുവാൻ കഴിയുകയില്ലായിരുന്നു.

(സി) നൽകിയിട്ടുണ്ട്.

(ഡി) സീനിയോറിറ്റി സംബന്ധിക്കുന്ന 2 കോടതി വിധികളാണ് പ്രധാനം.

(1) 17-8-2001-ൽ വിധി പ്രഖ്യാപിച്ച ഒ.പി. 15522/95-ഉം അനുബന്ധ കേസുകളും.

(2) 29-5-2003-ൽ വിധി പ്രഖ്യാപിച്ച 6841/2000-ഉം അനുബന്ധ കേസുകളും.

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ആദ്യത്തെ കേസിന്റെ വിധിയിൽ പറയുന്നത്, അതിലെ പരാതിക്കാർക്ക് സീനിയോറിറ്റിക്കും, അതിനോടനുബന്ധമായ എല്ലാ ആനുകൂല്യങ്ങളും 2 മാസത്തിനുള്ളിൽ നൽകണമെന്നാണ്. എന്നാൽ 6841/2000 എന്ന കേസിന്റെ വിധിയിൽ നിയമാനുസരണം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്നുമാണ്. ഇത്തരത്തിൽ വിരുദ്ധങ്ങളായ വിധി നിലനിൽക്കവെ, 29-5-2003-ലെ 6841/2000 എന്ന കേസിന്റെ വിധിക്കെതിരെ 1204/2003 എന്ന റിട്ട് അപ്പീൽ ശ്രീ. ബി. ചന്ദ്രൻ ഫയൽ ചെയ്തിരിക്കുകയാണ്. പ്രസ്തുത റിട്ട് അപ്പീലിൽ സർക്കാർ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ് അഡ്വക്കേറ്റ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. കോടതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ദിവസക്കൂലി നിയമനം

25 [733] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി.-യേയും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും മറികടന്നുകൊണ്ട് ദിവസക്കൂലി നിയമനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ ദിവസക്കൂലിയടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ സ്ഥാപനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) സർക്കാർ സംവിധാനങ്ങളെ മറികടന്നുകൊണ്ട് ദിവസക്കൂലിക്ക് നിയമനം നടത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സി. എ. ഗ്രേഡ്-2 ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി

26 [734] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ. ഗ്രേഡ്-2 പാലക്കാട് ജില്ലാ പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി 2004 ഫെബ്രുവരിയിൽ തീരുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നാണ് തീരുന്നത് എന്ന് അറിയിക്കാമോ;

(സി) സി. എ ഗ്രേഡ്-2 തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly